"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - അടൂർ നഗരസഭ - അടൂർ ഫിലിം ഫെസ്റ്റിവെൽ - നഗരസഭാ തനത് ഫണ്ടിൽ തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3088/2025/LSGD    തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:- 1. സിനിമേറ്റ്സ് ഫിലിം സൊസൈറ്റി സമർപ്പിച്ചിരിക്കുന്ന 09.10.2025 തീയതിയിലെ കത്ത്.

2. ബഹു.ഡെപ്യൂട്ടി സ്പീക്കറുടെ 11.11.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ -കേരളയുടേയും കേരള സംസ്ഥാന ചലചിത്ര അക്കാദമിയുടേയും അടൂർ നഗരസഭയുടേയും സഹകരണത്തോടെ 2025 നവംബർ 28, 29, 30 എന്നീ തീയതികളിലായി സംഘടിപ്പിക്കുന്ന അടൂർ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ നടത്തിപ്പിന് അടൂർ നഗരസഭ വകയിരുത്തിയ ധനസഹായ തുകയായ ഒരു ലക്ഷം രൂപ ലഭ്യമാക്കുന്നതിന് ഉത്തരവുണ്ടാകണമെന്ന് സിനിമേറ്റ്സ് ഫിലിം സൊസൈറ്റി സമർപ്പിച്ച അപേക്ഷ ബഹു.ഡെപ്യൂട്ടി സ്പീക്കർ ശിപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 നവംബർ 28, 29, 30 തീയതികളിൽ അടൂരിൽ സംഘടിപ്പിച്ച ചലച്ചിത്രമേളയുടെ നടത്തിപ്പിന് അടൂർ നഗരസഭ വകയിരുത്തിയ ധനസഹായമായ ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 29-12-2025 11:48:11

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
ബഹു.ഡെപ്യൂട്ടി സ്പീക്കറുടെ പി.എസ്സിന്.